വിപണനത്തിന് സഹായിച്ചു. തൊഴിൽ വകുപ്പുമായി ചേർന്ന് ചവറയിൽ നടത്തിയ കരകൗശല വിപണനമേള, വൈക്കോൽ ചിത്ര നിർമ്മാണ ശില്പശാല എന്നിവ കരകൗശല ഉത്പന്നങ്ങളുടെ വിപണത്തിന് സഹായകമായി. ഷോപ്പിംങ് മാളുകളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെ സ്ഥിരം വിപണനത്തിന് (നാട്ടുവിപണിക്ക്) തുടക്കം കുറിച്ചു.

(ഡി) കെ.റ്റി.ഡി.സി.കരകൗശല ഷോപ്പുകൾ, ഹോട്ടലുകൾ, എന്നിവയിലൂടെയും വിൽപ്പന നികുതി തിരികെ നൽകുന്ന പദ്ധതിയിലൂടെയും വിനോദസഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയതുകാരണം കൂടുതൽ വിനോദസഞ്ചാരികൾ ഈ കാലയളവിൽ സംസ്ഥാനം സന്ദർശിക്കുന്നതിനും സന്ദർശിച്ച വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷണീയമായ വിധത്തിൽ കേരളത്തിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

കാസർഗോഡ് ബീച്ച് ടൂറിസം പദ്ധതി

335 (1001) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബീച്ച് റോഡും, ബീച്ചും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബീച്ച് റോഡ് അടുത്ത കാലത്ത് പുനർനിർമ്മിച്ച സാഹചര്യത്തിൽ ആവശ്യമായ സൗന്ദര്യവത്കരണ നടപടികൾ നടത്തി ബീച്ചിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതിന്റെ ടൂറിസം സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) ബീച്ച് ഡെവലപ്മെന്റ് പദ്ധതിപ്രകാരം നിർമ്മിച്ച ബീച്ച് പാർക്കിലേയ്ക്കുള്ള റോഡിന്റെ മനോഹാരിത കൂട്ടുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് ആവശ്യമായ സ്ഥലം റോഡിന്റെ എല്ലാ ഭാഗത്തും ഒരുപോലെ ലഭ്യമല്ല. കൂടാതെ പ്രസ്തുത റോഡിന്റെ പ്രധാന ഭാഗവും ജനവാസകേന്ദ്രത്തിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ പരിമിതികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly